(ബി) കേന്ദ്ര സർക്കാർ ആവശ്യപ്പെട്ട സ്പഷ്ടീകരണത്തിന് മറുപടി നൽകുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ പ്രതിനിധികൾ കേന്ദ്ര സർക്കാരിന്റെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാരിന് ഈ വിഷയത്തിൽ രേഖാമൂലം മറുപടി നൽകുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ടി ബില്ലിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയെടുക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ബഹു. വ്യവസായ വകുപ്പുമന്ത്രി 1-7-2014-ന് ധനകാര്യം, നിയമം എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായും കെ.എസ്.ഐ.ഡി.സി.യുടെ പ്രതിനിധികളുമായും ചർച്ച നടത്തുകയും ടി ബില്ലിന് എത്രയും വേഗം കേന്ദ്രാംഗീകാരം നേടിയെടുക്കുവാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുവാൻ തീരുമാനിക്കുകയും ചെയ്തു.

**വ്യവസായ കേരളം എം.എൽ.എ.മാർക്ക് ലഭ്യമാക്കാൻ നടപടി**

**195 (6646)** ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പ് ഇപ്പോൾ 'വ്യവസായ കേരളം' എന്ന പ്രസിദ്ധീകരണം പുറത്തിറക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പ്രസ്തുതപുസ്തകം എത്രയെണ്ണം പുറത്തിറക്കി എന്ന് വ്യക്തമാക്കുമോ ;

(സി) ഈ പുസ്തകം ഇപ്പോൾ എം.എൽ.എ.-മാർക്ക് ലഭ്യമാക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ പ്രസിദ്ധീകരണം എം.എൽ.എ.-മാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പ്രസ്തുത മാസികയുടെ 33 ലക്കങ്ങൾ പുറത്തിറക്കിയിട്ടുണ്ട്.

(സി&ഡി) വ്യവസായ കേരളം മാസികയുടെ ഓരോ ലക്കത്തിന്റെയും 140 കോപ്പികൾ എം.എൽ.എ.മാർക്ക് ലഭ്യമാക്കുന്നതിനായി എം.എൽ.എ. ഹോസ്റ്റലിന്റെ റിസപ്ഷൻ കൗണ്ടറിൽ ഓരോ മാസവും എത്തിക്കുന്നുണ്ട്.

**ഹയർ ഡി.പി.സി. മീറ്റിംഗ്**

**196 (6647)** പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വ്യവസായ വകുപ്പിൽ ഹയർ ഡി.പി.സി. മീറ്റിംഗ് നടക്കാത്തതു കാരണം പല ഉയർന്ന തസ്തികകളും ഒഴിഞ്ഞുകിടക്കുന്നു എന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly